

little KITEs

# ഉണർവ്

## ഡിജിറ്റൽ മാഗസീൻ

# ചിറക്കര

## ഗവ. ഹൈസ്കൂൾ

## ഉള്ളടക്കം

ആമുഖം.......................................................................................................4
എഡിറ്റോറിയൽ..............................................................................................5
ആശംസകൾ...................................................................................................7
വിജയികൾ....................................................................................................9
പ്രവർത്തനങ്ങൾ...........................................................................................11
SCHOOL QR CODE.................................................................................12
വിഡിയോ കോൺഫറൻസ്................................................................................13
അക്ഷരമരം...................................................................................................14
മദർ പി ടി എ...............................................................................................14
വർക്ക് എക്സ്പിരിയൻസ്..................................................................................15
സ്കൂൾ വിനോദയാത്ര......................................................................................16
പ്രതിഭാസംഗമം...........................................................................................16
ഗണിതോത്സവം............................................................................................17
കവിതകൾ...................................................................................................19
Tourist Attraction Countries in the World.....................................................23
ആധുനിക കവിത്രയം......................................................................................34
Famous Festivals Of Kerala...........................................................................41
ഓണപുലരി..................................................................................................52
The super computer......................................................................................53
Articles.........................................................................................................55

വംശനാശം സംഭവിച്ച ജീവികൾ............61
ഇന്ത്യക്കാർ ആരംഭിച്ച ദിനപത്രങ്ങളും മാസികകളും............67
NATURE IS EVERYWHERE............69
പ്രകൃതിയിലെ അദ്ഭുതങ്ങൾ............70
ഇന്റർനെറ്റ് ആർകൈവ്............79
അഭിമാനപൂരിതം: രാജ്യത്തിനിത് എഴുപത്തിരണ്ടാം ഓർമ്മ ദിനം ..... ............ 84
സമുദ്രമലിനീകരണം............86
കഥകളി............88
വനനശീകരണം............98
ശബ്ദമലിനീകരണം............100
ജൈവകൃഷി............102
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ............105
സ്കൂളിലെ ചിത്രങ്ങൾ............106
മാഗസീൻ എഡിറ്റോറിയൽ ബോർഡ്............108

# ആമുഖം

അച്ചടി മഷി ഉപേക്ഷിച്ച അക്ഷരങ്ങളെ സാങ്കേതിക വിദ്യയുടെ പുത്തൻ ചെപ്പിൽ ഒരുക്കി നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന ഡിജിറ്റൽ മാസികയാണ് ' 'ഇതൾ' കുട്ടികളുടെ ആശയങ്ങളും,അറിവുകളും സർഗാത്മകതയും കോർത്തിണക്കിയ ഈ അക്ഷരച്ചെപ്പ് സാമ്പ്രദായിക മാസിക സങ്കല്പങ്ങൾപ്പുറം നില്ക്കുന്നു. സർഗാത്മകതയിലും സാങ്കദികവിദ്യയിലും നമ്മുടെ കുട്ടികൾ നേടിയ മികവിന്റെ ഉദാഹരണം കൂടിയാണ്.

# എഡിറ്റോറിയൽ

അറിവിന്റെ വിസ്ഫോടനം അനുദിനം നടന്നു നടന്നുകൊണ്ടിരിക്കുന്ന ഒരു ലോകമാണ് ഇന്നത്തേത്.ഇവിടെ നമ്മൾ വിദ്യാർഥികൾ പിന്തള്ളിപോകാതിരിക്കണമെങ്കിൽ ആധുനിക സാങ്കേതിക വിദ്യയുടെ ഗുരുതരമായ അംശങ്ങളെ സ്വംശീകരിക്കാതെ തരമില്ല.ഗുരുമുഖത്തു നിന്നും പുസ്തകങ്ങളിൽ നിന്നും മാത്രം അറിവ് ശേഖരിക്കുന്ന കാലം കഴിഞ്ഞു പോയിരിക്കുന്നു.ആധുനിക ലോകത്തിന്റെ മുഖച്ഛായ മാറ്റിമറിച്ച കംപ്യൂട്ടറുകളുടെ സേവനം വിദ്യാഭ്യാസത്തിൽ പരമാവധി പ്രയോജനപ്പെടുത്തേണ്ട ഒരു കാലമാണിത്.ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ചു കൊണ്ട് വിവിധ ശാസ്ത്ര - മാനവിക വിഷയങ്ങളുടെ പഠനം കൂടുതൽ ഗുണപ്രദമാക്കാൻ നമുക്കിന്ന് സാധിക്കുന്നുണ്ട ഏത് വിവരവും വിരൽത്തുമ്പിൽ എന്ന മുദ്രാവാക്യമാണ് ഇന്റർനെറ്റിൽ അനന്തസാധ്യതകൾ നമുക്കുനൽകുന്നത്.ഈ സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട്  ഡിജിറ്റൽ മാസികയ്ക്ക് ഞങ്ങൾ രൂപംകൊടുത്തിരിക്കുകയാണ്. പേപ്പറും പേനയും ഇല്ലാതെ ഭാവനയും  ശാസ്ത്രവും കൈകോർക്കുന്ന ഡിജിറ്റൽ മാസിക ഞങ്ങൾ സഹൃദയസമക്ഷം സമർപ്പിക്കുകയാണ്.ഇത് ഒരു യാഥാർത്ഥ്യമാകാൻ ആവശ്യം വേ  മാർഗ്ഗനിർദേശങ്ങളുമായി ഒപ്പം നിന്ന പ്രിയ അദ്ധ്യാപകരെയും മറ്റ് സുമനസ്സുകളേയും ഞങ്ങൾ നന്ദിപൂർവം സ്മരിക്കുന്നു.

# ആശംസകൾ



## ഹെഡ് മിസ്ട്രിസ് - ആനി ഹെലൻ

അശ്വവേഗത്തേക്കാൾ അതിശീഘ്രം കതിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യയുടെ ചിറകിലേറി ശാസ്ത്രത്തിന്റെയും,സാഹിത്യത്തിന്റെയുംഅനന്തവിഹായസ്സ് കീഴടക്കാനൊരുങ്ങുന്ന നമ്മുടെ  വിദ്യാർത്ഥികൾ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസീന് എന്റെ ആശംസകൾ.

## ***കെ .മനോജ് (പി ടി എ പ്രസിഡന്റ്)***



**കൊച്ചു കുട്ടുകാരുടെ ഈ നവസംരംഭത്തിന് എല്ലാ ആശംസകളും ഞാൻ നേരുന്നു - കെ .മനോജ് (പി ടി എ പ്രസിഡന്റ്)**

# വിജയികൾ

## ഖോ-ഖോ ബോക്സിംങ് കായിക മേഖലയിലെ വിജയികൾ




ഗവ.ഹൈസ്കൂൾ,ചിറക്കര
കായിക പ്രതിഭകൾക്ക്
അഭിനന്ദനങ്ങൾ....

## കലോത്സവ വിജയികൾ


ഗവ.ഹൈസ്കൂൾ,ചിറക്കര
കലോത്സവ വിജയികൾക്ക്
അഭിനന്ദനങ്ങൾ....

# <u>NMMS-USS-Nu Maths സ്കോളർഷിപ്പ് വിജയികൾ</u>




# <u>ശാസ്ത്രമേള വിജയികൾ</u>




# പ്രവർത്തനങ്ങൾ


# അഭിരുചി പരീക്ഷ





# SCHOOL QR CODE

# വിഡിയോ കോൺഫറൻസ്






# അക്ഷരമരം



# മദർ പി ടി എ



# <u>വർക്ക് എക്സ്പിരിയൻസ്</u>



# സ്കൂൾ വിനോദയാത്ര




# പ്രതിഭാസംഗമം



# ഗണിതോത്സവം




MLA
(2011-12)
1-6-2014



# കവിതകൾ

## താരകങ്ങൾ വരച്ച പാരിലെ നിഴൽ പാട്ടുകൾ

രാത്രിതൻ കരാളമാം കുതൂഹലനങ്ങൾ,

കണ്ടിട്ടും കാണാത്തക്കവിധം-

പകലന്തിയോളം തൂവെള്ള പുടവചുറ്റി,

നീ ഗഗനത്തിൽ മടിത്തട്ടിൽ വിഹരിക്കേ,

നിൻ നിലാവൊളി തട്ടി രാത്രിതൻ-

നിഗൂഢതപേറും നിഴൽ പാട്ടുകൾ-

വിണ്ണിൽ പുനർ ജ്ജനിക്കവേ.

കാലത്തിൻ കരാളമാം,

പുസ്തകങ്ങളിൽപ്പെട്ട് നീറി പുകയും-

നിൻ പ്രാണനായകനാം സാഗരം,

നിന്നെ നോക്കി കണ്ണീരിൽ-

നിന്നും ഉയർന്നുവന്ന-

മന്ദഹാസം തൂകവേ,

ആരണ്യത്തിൻ ആരാമം

കണ്ടുനീ പുഞ്ചിരിക്കേ,ർ

നിന്നിലെ വെൺമ പാരിൻ-

മടിയിൽ ആഴ്ന്നിറങ്ങവേ,

നിൻ മുഖകാന്തിയും പേറി

നിൻ മുഖകണ്ണാടിയായ്

ഒഴുകും കാട്ടുപൂഞ്ചോലയും,

നിന്നെ മനസ്സിൽ ധ്യാനിച്ച്-

മാലകൾക്ക് ജന്മം നൽകി;

കഴിയും സാഗരവും

നിന്നെ നിത്യവും മാടിവിളിക്കേ,

നിന്നെ പ്രതീക്ഷക്കും-

പാരിൻ കിടാങ്ങളെ,

നീ രജനിയാം;

നിഗൂഢതയിൽ നിന്നും ഉയർത്തവേ,

വിശാലമാം ഗഗനത്തെ-

കീഴടക്കാൻ ശ്രമിക്കും-

പിഞ്ചുകരങ്ങളിൽ,

നന്മതൻ വെണ്മകലർത്തി;

നീ ഓമനേ,

അരുണനസ്തമിക്കുമ്പോൾ-

വിജ്ഞാനത്തിൽ പൂനിലാവ്;

തെളിയിച്ചു നീ ഓമനേ,

കാരുണ്യവതിയാം താരകപ്പെണ്ണാളെ,

നിന്നുടെ പാരിലേയ്ക്കുള്ള-

പാലായനം കാത്തു നിൽപ്പൂ;

ഞാൻ ഓമനേ!



ചിന്മയ ആർ എസ്സ്

# വായന

**അക്ഷരവിത്തുകൾ നട്ടു നനയ്ക്കാം,**

**പുസ്തകത്താളിൽ ഒളിച്ചൊന്നിരിക്കാം,**

**നന്മയെ വിതയ്ക്കും കലപ്പകളാകുന്ന,**

**പുസ്തകങ്ങളെ നെഞ്ചോടു ചേർക്കാം വരികെന്റെക്കൂട്ടുകാരെ, വിശാലമാം**

**വിജ്ഞാനശലയിലേക്കു സ്വാഗതം !**

**വരൂ വായനയിലേക്കു അലിഞ്ഞു ചേരാം!**



ചിന്മയ ആർ എസ്സ്

# Tourist Attraction Countries in the World

## 1 France

**Paris is one of the most popular and the fifth most visited location in the world. France always had an advantageous edge on the world tourism ranking. However, in spite of the fifth rank of Paris, France as a country tops the list of most tourist attraction countries with its huge reserve of exquisite coastal locations, enticing wine regions, vineyards, scenic beauty spread across its land even in small villages. This country is known to attract almost 83.7 million tourists across the world. It tops over the US with 10 million tourists for the first rank**







## 2 The United States

**The diversity of tourism scopes which the US accommodates within its 3.79 million square miles right from California in the West to New York in East, has a lot to offer to tourists. The US is exceptionally popular amongst tourists for its extravagant tourism diversities, a large reserve of natural scenic spots to the most vibrant lifestyles in cities, Nature Parks to mountains. One of the other records which the country bags the record of tourist spending the maximum amount in the country while their visits and the amount was 177.2 billion dollars in 2014.**









## 3 Spain

**Considered to be the major trade and business hub for its former colony Latin America, Spain already attracts a lot of tourists from Latin America. Besides, owing to the country's unique geographical advantage of boasting both the coastal lime of the Mediterranean Sea and the Atlantic Ocean, the country attracts millions of tourists. The count of tourists last year was 65 million. Next, only to the US, it is also the second country receiving the maximum spending with each tourist spending at least $1000 and making up for the country's 5% GDP.**





# 4 China

**China has emerged as one of the most prominent economies in the world. It's the largest exporter and the second largest importer. Its important role in the trade and business and influential economic role in the global economy has made its global relations better. Moreover, after opening its gate for tourism, it quickly received a havoc response. Today it's the fourth most tourist visited country, attracting 55.6 million tourists across the world.**









# 5.Italy

**Starting from historical legacies to the romantic canals of Venice, the exotic sight of the Piazzas to oriental climate, exquisite cuisine to the dramatic coastline, Italy has a lot to offer, and undoubtedly it is one of the most romantic destinations in the world. Besides Venice, Rome and Florence are also world's popular hit destinations for tourism, and this is the reason why Italy takes the 5th position with 52.4 million tourists.**









# 6. United Kingdom

**Though the United Kingdom wins over the sixth position, its difference from Italy's tourist count is quite a lot. The magnificent landscape of Scotland, the beauty of the London Tower, the magic of old wine and coastline is the major attraction of this country which attracts 35.8 million tourists. In the recent few years, from the record of 2014, UK has gone up a few numbers in its ranking.**











# 7.Switzerland

Switzerland is a lovely country with breathtaking scenery and natural environment. From the cosmopolitan Zurich to Geneva Old Town and the lakeside towns of Montreux and Vevey. The mountains and lakes of the country deserve the share of international attention. You can enjoy the pristine wilderness of Switzerland from the mountain trains or when hiking the Eiger. As a peaceful and friendly state, Switzerland welcomes millions of tourists from across the world every year.





## 8.New Zealand

**It is no shock that New Zealand is considered one of the most beautiful countries in the world; the country is endowed with towering mountains, breathtaking landscapes, turquoise lakes, and over 9,000 miles of shores. New Zealand's beauty is showcased from the spectacular fields of purple and pink lupins along Lake Tekapo to the mountainous fjord of Milford Sound. The splendor extends to the Waitomo glowworm caves and the summits of the Humboldt Range. Cities including Auckland, Wellington, Christchurch, and Hamilton gives an urban test to the otherwise wild country.**



## 9.Brazil

**Brazil is an extensive country with diverse natural beauty and culture. The Amazon is incomparable. The baroque architecture of the northeast creates a soulful atmosphere while the cities of Rio de Janeiro and São**

**Paulo offer an opportunity to witness the ancient and contemporary culture of the state. The sight of people playing along the Atlantic coast creates a feeling of peace and friendliness.**



## 10.India

**India's magnificent terrain ranges from the breathtaking stretch of the peaks of the Himalayas to the beaches of the Indian Ocean. The national parks of the country provide a habitat for various species of wild animals and birds including the endangered Bengal tigers, Asian lions, and Asian elephants. The slope of the Himalayas is blanketed by alpine forests that stretch for hundreds of miles. The country also has deserts, plateaus, long rivers, and a great diversity of cultures. All this and more attract tourists to India from far and wide.**





## THE LOTUS TEMPLE



## JUMA MASJID



# ആധുനിക കവിത്രയം

## .വള്ളത്തോൾ നാരായണമേനോൻ

മലയാളത്തിലെ മഹാകവിയും, കേരള കലാമണ്ഡലത്തിന്റെ സ്ഥാപകനുമാണ് വള്ളത്തോൾ നാരായണമേനോൻ. ആധുനികമലയാള കവിത്രയത്തിൽ കാവ്യശൈലിയിലെ ശബ്ദസൗന്ദര്യം കൊണ്ടും, സർഗ്ഗാത്മകതകൊണ്ടും അനുഗൃഹീതനായ മഹാകവിയായിരുന്ന വള്ളത്തോൾ നാരായണമേനോൻ, തികഞ്ഞ മനുഷ്യസ്നേഹിയും, മതസൗഹാർദ്ദത്തിന്റെ വക്താവും ആയിരുന്നു. മലയാളഭാഷയെ ലോകത്തിനു മുമ്പിൽ ധൈര്യമായി അവതരിപ്പിക്കുകയും, മലയാളത്തിന്റെ തനത് കലയായ കഥകളിയെ പരിപോഷിപ്പിക്കുകയും, ലോകജനതക്കു മുമ്പിൽ സമർപ്പിക്കുകയും അതുവഴി മലയാളവും, കഥകളിയും അന്താരാഷ്ട്ര പ്രസിദ്ധി നേടുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കായ് തൂലിക പടവാളാക്കി മാറ്റി ബ്രിട്ടീഷുകാർക്കെതിരെ സമരകാഹളം മുഴക്കുന്നതിന് ഭാരതജനതയെ ഒന്നടക്കം ആവേശഭരിതരാക്കുകയും മഹാത്മജിയുടെ ആദർശങ്ങളിൽ അടിയുറച്ച് വിശ്വസിക്കുകയും, ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിക്കുകയും ചെയ്ത മഹാനായിരുന്നു മഹാകവി വള്ളത്തോൾ.

## രചനകൾ

. എന്റെ ഗുരുനാഥൻ

. ഓണപ്പുടവ

. ഔഷധാഹരണം

. കൈരളീകടാക്ഷം

. ചിത്രയോഗം അഥവാ താരാവലീ ചന്ദ്രസേനം

. ബാപ്പുജി........



## പുരസ്കാരങ്ങൾ

. ഡിയ(1954)

. കവിതിലകൻ

. കവിസാർവഭൗമൻ

# ഉള്ളൂർ. എസ്. പരമേശ്വരയ്യർ

മലയാള ഭാഷയിലെ പ്രമുഖ കവിയും പണ്ഡിതനുമായിരുന്ന മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ (1877 ജൂൺ 06 - 1949 ജൂൺ 15.) ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് അദ്ദേഹം ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ പിതാവ്[1] സുബ്രഹ്മണ്യ അയ്യർ ചങ്ങനാശ്ശേരിയിൽ സ്കൂൾ അദ്ധ്യാപകനായിരുന്നു.[2] അമ്മ ചങ്ങനാശേരി സ്വദേശിനിയായ ഭഗവതിയമ്മ. അദ്ദേഹം പെരുന്നയിൽ തന്നെയാണ് തന്റെ ബാല്യകാലം ചെലവഴിച്ചത്. അച്ഛന്റെ അകാലമരണത്തെത്തുടർന്ന് അമ്മയോടൊപ്പം അച്ഛന്റെ നാടായ ഉള്ളൂരിലേക്കു താമസം മാറി. ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ എന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളകവിതയിൽ കാൽപനിക പ്രസ്ഥാനത്തിനു തുടക്കം കുറിച്ച് ശ്രദ്ധേയരായി. സാഹിത്യ ചരിത്രത്തിൽ ഇവർ ആധുനിക കവിത്രയം എന്നറിയപ്പെടുന്നു. കവി എന്നതിനു പുറമേ സാഹിത്യചരിത്രകാരൻ, ഭാഷാഗവേഷകൻ, ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ ഉള്ളൂർ പേരെടുത്തിരുന്നു. തിരുവിതാംകൂർ സർക്കാരിന്റെ ചീഫ് സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## പ്രധാന കൃതികൾ

. ഉമാകേരളം(മഹാകാവ്യം)

കേരള സാഹിത്യ ചരിത്രം

കർണ്ണഭൂഷണം

പിങ്ഗള

ഭക്തിദീപിക

ഒരു മഴത്തുള്ളി (കവിത)



തുമ്പപ്പൂവ്

കിരണാവലി

മണി മഞ്ജൂഷ

വിശ്വം ദീപമയം

ചിത്രശാല

തരംഗിണി

താരഹ

കൽപശാഖി

അമൃതധാര

## ബഹുമതികൾ

1937 ൽ തിരുവിതാംകൂർ രാജഭരണകൂടം ഉള്ളൂരിന് മഹാകവി ബിരുദം സമ്മാനിച്ചു.

കൊച്ചി മഹാരാജാവ് കവിതിലകൻ പട്ടം സമ്മാനിച്ചു

കാശി വിദ്യാപീഠം ബഹുമതിയും നൽകി ആദരിച്ചു.

വീരശൃഖല - ശ്രീമൂലം

വീരശൃഖല - കൊച്ചിരാജാവ്

സ്വർണ്ണഘടികാരം - റീജന്റ് റാണി

കേരള തിലകം - യോഗക്ഷേമസഭ

റാബുസാഹിബ് - ബ്രിട്ടീഷ് ഗവൺമെൻ

സാഹിത്യ ഭൂഷൻ

 - കാശിവിദ്യാലയം

## കുമാരനാശാൻ

മലയാളകവിതയുടെ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ് എൻ. കുമാരനാശാൻ (ഏപ്രിൽ 12, 1873 - ജനുവരി 16, 1924). ആശാന്റെ കൃതികൾ കേരളീയ സാമൂഹികജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി. ആധുനിക കവിത്രയത്തിലൊരാളുമാണ് കുമാരനാശാൻ. ആശയ ഗംഭീരൻ, സ്നേഹ ഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളാണ്.

## ആശാന്റെ രചനകൾ



വീണപൂവ്

നളിനി

ലീല

ചണ്ഡാലഭിക്ഷുകിയും കരുണയും

ദുരവസ്ഥ

പ്രരോദനം

## മറ്റു കൃതികൾ

കവിതാരചനയെക്കുറിച്ചുള്ള തന്റെ ഉൾക്കാഴ്ച്ചകൾ "കാവ്യകല" അഥവാ "ഏഴാം ഇന്ദ്രിയം" എന്ന പേരുള്ള കവിതയിൽ ആശാൻ വ്യക്തമാക്കി.ഒട്ടനവധി സ്തോത്രകൃതികളും ഭാവഗീതങ്ങളും ലഘുകവിതകളും അദ്ദേഹം രചിച്ചിട്ടുണ്ട്. ആശാന്റെ ഭാവഗീതങ്ങളും ലഘുകവിതകളും *മണിമാല, വനമാല, പുഷ്പവാടി* തുടങ്ങിയ സമാഹാരങ്ങളിൽ അദ്ദേഹം ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവയ്ക്കു പുറമേ *ബുദ്ധചരിതം, സൗന്ദര്യലഹരി, ബാലരാമായണം* തുടങ്ങി പ്രമുഖമായ ചില വിവർത്തനങ്ങളും അദ്ദേഹത്തിന്റേതായി ഉണ്ട്. *കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ* മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# Famous Festivals Of Kerala

## 1-Onam

**A 10-day long festival, Onam is a well renowned Hindu festival that is celebrated with huge devotions. The striking feature of this festival is that it involves Kathakali dance, indoor and outdoor games, boat races and several featuring songs. Onam has been celebrated to mark the homecoming of King Mahabali, who used to rule Kerala during the ancient period. The period of King Mahabali was said to be a golden era of Kerala, where people lived happily with love, harmony, and prosperity.**

**Famous Festivals Of KeralaTime of Celebration of Onam: This festival is celebrated between the month ofAugust and September and is also known as harvest festival of Kerala.**

**Major Attractions of Onam: Tiger Play, Flower Rangoli, Thumbi Thullal and Onasadya are the major attractions to enjoy while enjoying this 10-day colorful festival.**

**Weather Condition: This frolic festival of 10 days is mostly celebrated in the period of monsoon where tourists, along with the colours of the festival, can also enjoy the frizzy rains of Kerala.**

# 2-Vishu

**This is one of the most important festivals of Kerala and is said to be the New Year for the Malayali people, based on the ancient(astrological) Malayalam calendar.**

**Time of Celebration: This festival is celebrated in month of April**

**Major Attractions: Malayali begin this day by looking to "Kani-Kanal" which is prepared previous night and offered to garlanded deity of Krishna. The festival's major attractions are the firecrackers, payasam and Vishu kanji.**

**Weather Condition: Being a harvest festival, Vishu brings along pleasant weather Condition**



# 3-Thrissur Pooram Festival

**Thrissur Pooram is one of the famous temple festivals in Kerala and has been celebrated for more than 200 years. This festival is celebrated at the Vadakkunnathan Temple in Thrissur yearly and is celebrated for almost 36 hours with traditional puja, ending with extreme fireworks. The festival is celebrated to worship Lord Shiva and involves color, music, and religion.**

**Time of Celebration: This festival is celebrated in April**

**Major Attractions: The major attraction of this festival is enthralling sights of more than fifty clad of elephants passing through the streets of Thrissur at the sound of beating drums.**

**Weather Condition: Temperature remains in low 20s during the time of this festival in Kerala.**



# 4-Theyyam Festival

**Theyyam is an800 year old festival where you can visualize more than 400 types of cultural dances, performed by peopled dressed as deities. The performer goes through three stages of learning: the first stage is of adorning themselves with colors, flowers, and mask; the second stage involves self-torture and the third stage is all about dancing on a rhythm. This festival is celebrated with huge fun which brings the new level of pleasure in the life of the attendees.**

**Time of Celebration: This festival is usually celebrated from December to April.**

**Major Attractions: The major attraction of this festival is the mythological stories being enacted through the "dance of gods" performance.Weather Condition: For cultural enthusiasts, Theyyam falls at the best time of the year when the weather remains cool and pleasant.**



## 5-

## Kerala Boat Festivals

**Kerala is famous for its backwater rides, the main highlights of the state. The beautiful river, lakes and Arabian Sea are all the part of these backwater rides, where you can also visualize the boat festivals of Kerala. Boat Festival is enhanced with different sizes of the boats, where you can see the team spirit among participants, great enthusiasm among the riders and people cheering each other all around the place.**

**Most Famous Boat Races in Kerala: Nehru Trophy Boat Race in Alleppey, Champakulam Moolam Boat Race at Alappuzha, Vallam Kali at Punnamada Lake and PayippadJalotsavam at PayippadLake located at a distance of 35 km from the district Alappuzha**

**Time of Celebration: Usually the boat festival is held in between July to September**

**Major Attraction: Unique feature of the boat festival is that it is celebrated for many reasons. It is either associated with temples or with Onam or at times held without any reason.**



# 6-Maha Shivarathri

**Maha Shivarathri is a religious festival celebrated with same joy and festivity like other important festivals in Kerala. Aluva is the place where Maha Shivarathri is celebrated on a grand scale, on the banks of the Periyar River.**

**Time of Celebration: This festival falls between the months of February-March which is also known as the month of Kumbham.**

**Major Attractions: After the severe fast observed by pilgrims and other Hindus, the day is followed by several dance performances, sale merchandise and a 'bali' ritual wherein people offer sacrifice to their ancestors.**

**Weather Condition: Dry weather with temperature soaring up the to high 30s.**

# 7-Attukal Pongala Festival in Kerala

**Attukal Pongala is one of the festivals that hold its record in Guinness Book of World Records, for hosting largest female crowd annually. This is one festival, where people celebrate it without remembering their religion, cast or color. The festival is all about offering 'Pongala' to Attukal Devi, a deity whose temple is located very close to the Thiruvananthapuram City. Attukal Devi is believed to be an incarnation of Goddess Parvati.Time of Celebration: This festival is celebrated during the month of February/ March.**

**Major Attractions: Best Place to celebrate Attukal Pongala is Trivandrum. This is a festival of 10 days, where people worship Goddess Attukal Devi.**

# 8-Temple festivals of Kerala

**Kerala, also known as “Gods Own Country”, is extremely rich on account of the numerous Hindu Temples. These temples of Kerala have their own significance since ancient period. The famous temple festivals in Kerala that should not be missed by the tourists are**

**Arattu at SreePadhmanabha Swami Temple, Thiruvananthapuram**

**AmbalapuzhaArattu Temple, Alappuzha**

**Ashtami at Vaikom, Kottayam**

**Ettumanoor festival,Kottayam**

**ChitturKonganpada, Palakkadu**

**LokanarkavuUtsavam, Kozhikode**

**All these temple festivals are full of great traditions and culture, hence making them exotic for the tourists.Time of Celebration: This temple festival is mostly held from February to April/May.**

**Major Attractions: The major attractions of these temple festivals are bejeweled elephants, drummers playing music and fireworks. One can also enjoy classical music and dance performances which take place widely while celebrating different temple festivals in Kerala.Time of Celebration: This temple festival is mostly held from February to April/May.**

# 9.Makaravilakku Festival

**This is one of the famous seven-day festivals which begins from the auspicious day of Makara Sankranthi. The idol of Lord Ayyappa is worshiped in the famous Ayyappa Temple in Sabarimala. You will find numerous devotees worshipping together and taking part in the celebrations of Makara Vilakku festival annually.**

**Time of Celebration:14th January**

**Major Attractions: The Divya Jyothi can be viewed from 9 different places while you are in Sannidhanam. Participating in the Thiruvabharanam procession wherein the ornaments of Lord Ayyapa are transported from the Old Palace to Sabarimala is also a key feature of this festival.**



# 10-Christmas

**With the increasing population of Orthodox Christians in Kerala, Christmas is celebrated with great vivacity in Kerala, similar to the way it is observed in the rest of the world. Despite several famous festivals of Kerala, Christmas has its own charm and is one of the oldest festivals in Kerala, dating back to almost 15 centuries.**

**Time of Celebration: 25th December**

**Major Attractions: Cathedrals, Christmas mass, and Kerala sweets define Christmas in Kerala.**

**Weather Condition: December is a bit chilly in Kerala, but not too cold to allow plantation of coniferous trees!**



# ഓണപൂലരി

അത്തം പത്തിന് വിരുന്നെത്തിടും

മാമലനാടിൻ തനിമ കാത്തിടും

ഓണപ്പൂക്കാലം.

മാമലമേലെ കതിരൊളിചിന്നും

വാർമതിയും,

തെരുവുവീഥിതൻ പുനർജന്മം

നിഴലാടും ഓണച്ചന്തയും,

ആരോഗ്യ ദൃഢഗാത്രൻമാരാം,

കർഷകർതൻ ഉത്സവാന്തരീക്ഷം

കളിയാട്ടഠ ഭവനങ്ങളും,

പടിഞ്ഞോറേ ചക്രവാളത്തിൽ

നിന്നും ഓണത്തിൽ സന്ദേശ -

വുമായി പറന്നണയുന്ന,

ഓണപക്ഷിയും



അനന്ദു പി എസ്സ്

# The super computer



**The "exascale" computing race is getting a new entrant called Frontier, a $600 million machine with Cray and  technology that could become the world's fastest when it arrives at Oak Ridge National Laboratory in 2021.Frontier should be able to perform 1.5 quintillion calculations per second, a level called 1.5 exaflops and enough to claim the performance crown, the Energy Department announced Tuesday. Its speed will be about 10 times faster than that of the current record holder on the Top500 supercomputer ranking, the IBM-built Summit machine, also at Oak Ridge, and should surpass a $500 million, 1-exaflops Cray-Intel supercomputer called Aurora to be built in 2021 at Argonne National Laboratory.**

**There's no guarantee the US will win the race to exascale machines -- those that cross the 1-exaflop threshold -- because China, Japan and France each  At stake is more than national bragging rights: It's also about the ability to perform cutting-edge research in areas like genomics, nuclear physics, cosmology, drug discovery, artificial intelligence and climate simulation.**

**And even if Frontier gives the US the No. 1 spot, it's far from a complete victory. China is home to 227 of the Top500 machines today, compared with an all-time low of 109 for the US.**

**processors dominate the  though the top two machines use Power processors. Unusually, Frontier will use AMD Epyc CPUs, though. Each will be boosted by four of AMD's Radeon Instinct graphics chips, the companies said.**


# Articles

## Neil Gaiman



## A Book is a dreem that you hold in your hand

# GARRISON KELLAR



**The book is a gift you can open again a gain**

## Thomas wharton

**And hour spent reading is one**

**stden from the paradise**



## William Wordsworth



**A host of golden daffodils beside the lake,beneath the trees**

**Daffodiles [1770-1850]**

## Bill Gates



We all need people who

**will give us feedback. That’s how we improve.**



**ഭരത് ബിനു**

# <u>മലാല യുസഫ്സായി</u>




**ഒരു അദ്ധ്യാപിക, ഒരു പുസ്തകം,**

**പിന്നെയൊരു പേന,**




**ഇവയ്ക്ക് ഈ ലോകം**
**മാറ്റിമറിയ്ക്കാൻ സാധിക്കും....."**

***അഞ്ജലി***

# വംശനാശം സംഭവിച്ച


# ജീവികൾ

## ഡോഡോ പക്ഷി




THE DODO.


## ക്വാഗസ്



# പൈറേനിയൻ ഐബക്സ്



# ബുബാൽ ഹാർട്ട്ബീസ്റ്റ്



## പടിഞ്ഞാറൻ ആഫ്രിക്കൻ കറുത്ത കണ്ടാമൃഗം



## ജാവൻ കടുവ



<u>ടാസ്മാനിയൻ ടൈഗർ</u>



<u>പാസഞ്ചർ പിജിൻ</u>



# സീ മിങ്കസ്



# സീ മിങ്കസ്

# കരീബിയൻ മോങ്കസ് സീല്





വിജിത്ത് എസ്സ്

# ഇന്ത്യക്കാർ ആരംഭിച്ച ദിനപത്രങ്ങളും മാസികകളും

ഇന്ത്യൻ ഒപ്പീനിയൻ ,ഹരിജൻ, യങ് ഇന്ത്യ നവജീവൻ - മഹാത്മഗാന്ധി

വന്ദേമാതരം, കർമയോഗി - അരവിന്ദഘോഷ്

നാഷണൽ ഹെറാൾഡ് -ജവാഹർലാൽ നെഹറു

ന്യൂ ഇന്ത്യ കോമൺവീൽ -ആനി ബസന്റ്

വോയ്സ് ഓഫ് ഇന്ത്യ -ദാദാഭായ് നവറോജി

കേസരി , മറാത്ത - ബാലഗംഗാധര തില

ക്അൽ നിലാൽ -അബുൾ കലാം ആസാദ്

പ്രബുദ്ധഭാരത്,ഉദ്ബോധൻ - സ്വാമി വിവേകാനന്ദൻ

സംവാദ് കൗമുദി - രാജാ റാംമോഹൻ റോയ്

ബഹിഷ്കൃത ഭാരത് -ഡോ. ബി. ആർ അംബേദ്കർ

ലീഡർ - മദൻ മോഹൻ മാളവ്യ

ബന്ദിജീവൻ -സചീന്ദ്രനാഥ് സന്യാൽ

നേഷൻ - ഗോപാലകൃഷ്ണ ഗോഖലെ

ഇന്ത്യൻ എക്സ്പ്രസ് -രാംനാഥ് ഗോയെങ്ക

ദ് ഹിന്ദു - ജി. എസ് അയ്യർ,വീരരാഘവാചാരി

അമൃത് ബസാർ പത്രിക -ശിശിർ കുമാർ ഘോഷ്, മോട്ടിലാൽ ഘോഷ്

സ്വദേശാഭിമാനി -വക്കം അബ്ദുൽ ഖാദർ

കേരളകൗമുദി - കെ. സുകുമാരൻ

മലയാള മനോരമ -കണ്ടത്തിൽ വറുഗീസ് മാപ്പിള



അക്ഷര പി അനിൽ

# NATURE IS EVERYWHERE

**Nature is everywhere,**

**Nature is everywhere you go**

**Everything that lives and grows**

**is nature**

**Animals**

**big and small**

**Nature is plants that grow to tall**

**Nature is beautiful in every way.**

**Wonderful, Exciting!**

**And needs our care.**

**So listen, learn and do your**

**Part to keep nature**

**Beautiful forever.**



**അഞ്ജു**

# പ്രകൃതിയിലെ അദ്ഭുതങ്ങൾ

## ഇഗ്വാസു വെള്ളച്ചാട്ടം ,ബ്രസീൽ



## ഹാലോങ് ഉൾക്കടൽ ,വിയറ്റ്നാം



## ജെജു ദ്വീപ്, കിഴക്കൻ ഏഷ്യ



## ആമസോൺ മഴക്കാടുകൾ , തെക്കേ അമേരിക



## കൊമോഡോ ഐലൻഡ്,ഇന്തൊനീഷ്യ



## പ്യൂർട്ടോ പ്രിൻസെസാ അണ്ടർഗ്രണ്ട് റിവർ നാഷണൽ പാർക്ക്, ഫിലിപ്പൻസ്






ആദിത്യൻ

# പറക്കാത്ത പക്ഷികൾ

## ടകാഹെ (Takahe)



## സ്റ്റീമർ ഡക്ക് (Steamer duck)



## കിവി (kiwi)



## വേക (weka)



# <u>കകാപോ (kakapo)</u>



# കാസവരി (cassowary)



# <u>പെൻഗ്വിൻ (penguin)</u>



# ഒട്ടകപ്പക്ഷി (Ostrich)





ധനുഷ് എസ്സ്

# ഇന്റർനെറ്റ് ആർകൈവ്



"ഒരു നിയന്ത്രണവും കൂടാതെ എല്ലാ വിവരങ്ങളും എല്ലാവർക്കും ലഭ്യമാക്കുക" *(universal access to all knowledge)* എന്ന ലക്ഷ്യത്തോടു കൂടി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു ഡിജിറ്റൽ ലൈബ്രറിയാണ് ഇന്റർനെറ്റ് ആർകൈവ് (Internet Archive). സാൻ ഫ്രാൻസിസ്കോയിലാണ് ഇതിന്റെ ആസ്ഥാനം. പുസ്തകങ്ങൾ, വെബ് സൈറ്റുകൾ, സോഫ്റ്റ് വെയറുകൾ, ഗെയിമുകൾ, ചലച്ചിത്രങ്ങൾ, ചിത്രങ്ങൾ, എന്നീ ഡിജിറ്റൽ വസ്തുക്കളുടെ തുറന്ന ലഭ്യത ഇന്റർനെറ്റ് ആർകൈവിലൂടെ സാധ്യമാകുന്നു. ശേഖരിക്കുക എന്നതിനുപുറമെ സ്വതന്ത്രമായി ലഭിക്കുന്ന സ്രോതസ്സുകൾ ഉപയോക്താക്കൾക്കു വഴങ്ങുന്നരീതിയിൽ ക്രമീകരിക്കുകയും അവയ്ക്ക് തുറന്ന ലഭ്യത ഉറപ്പു വരുത്തുക എന്ന സന്നദ്ധസേവനവും ഇന്റർനെറ്റ് ആർകൈവ് സാധ്യമാക്കുന്നു. 2014 മെയ് ലെ കണക്കുകൾ പ്രകാരം 15 പെറ്റാബൈറ്റ് ശേഖരങ്ങൾ ഇന്റർനെറ്റ് ആർകൈവിൽ ഉണ്ട്.പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് ആർകൈവിന്റെ വിവര-ശേഖരത്തിലേക്ക് ഡിജിറ്റൽ വസ്തുക്കൾ അപ്ലോഡുചെയ്യാനും വിവര-ശേഖരത്തിൽ നിന്ന് ഡൗൺലോഡ് ചെയ്യാനും സാധ്യമാണ്. എങ്കിലും വലിയ തോതിൽ വിവരങ്ങൾ സ്വയം ശേഖരിക്കുന്നതിനായി  വെബ് ക്രൗളർ (വിവിധ വെബ്സൈറ്റുകൾ തിരഞ്ഞ് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുപയോഗിക്കുന്ന ഒരു പ്രോഗ്രാം) ഉപയോഗിക്കുന്നു. ഇന്റർനെറ്റ് ആർകൈവിന്റെ ഒരു സേവനമായ വെയ്ബാക്ക് മെഷീൻ എന്ന വെബ് ശേഖരത്തിൽ 478 ബില്ല്യണോളം വെബ് പേജ് സൂക്ഷിപ്പുകളുണ്ട്.ഈ ആർക്കൈവ് പുസ്തകം

ഡിജിറ്റൈസേഷനിൽ മേൽനോട്ടം വഹിക്കുന്ന ലോകത്തിൽ മുന്നിട്ടു നിൽക്കുന്ന  സംരംഭകരിൽ ഒന്നാണ്. 1996 മെയ് ൽ ബ്രൂവ്സ്റ്റർ കാലെ ആണ് ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഇന്റർനെറ്റ് ആർകൈവ് സ്ഥാപിച്ചത്. ഇതിന്റെ വെബ് ക്രൗളറിൽ നിന്നുള്ള ആദായം, സംഭാവനകൾ, അനുവദിക്കപ്പെട്ട ധനം, പലതരം പങ്കാളിത്ത കൂട്ടായ്മകൾ, കാലെ- ഓസ്റ്റിൻ ധർമ്മസ്ഥാപനം എന്നിവയിൽ നിന്നുമാണ് ഇന്റർനെറ്റ് ആർകൈവിന്റെ വാർഷിക വരവുചെലവായ $10 മില്ല്യൺ ശേഖരിക്കുന്നത്.ഇതിന്റെ ആസ്ഥാനം കാലിഫോർണിയയിലെ സാൻ ഫ്രാൻസിസ്കോയിലാണ്. ആർക്കൈവിന്റെ ഡേറ്റാ സെന്ററുകൾ കാലിഫോർണിയയിലെ സാൻഫ്രാൻസിസ്കോ, റെഡ്വുഡ് സിറ്റി , റിച്ച്മോണ്ട് എന്നീ മൂന്നു  പട്ടണങ്ങളിലായാണ് നിലനില്കൊള്ളുന്നത്.   ഇന്റർനെറ്റ് ആർകൈവിന്റെ ശേഖരത്തിന് സ്ഥിരതയ്ക്കും നഷ്ടപ്പെട്ടുപോകാതിക്കാനും വേണ്ടി ശേഖരത്തെ ഈജിപ്റ്റിന്റെ ദേശീയലൈബ്രറിയായ ബിബ്ലിയോതേക്ക അലക്സാണ്ട്രിനയിലുംആംസ്റ്റർഡാമിലും പ്രതിഫലിപ്പിച്ചു (mirrored) സൂക്ഷിക്കുന്നുണ്ട്. ഇന്റർനാഷണൽ ഇന്റർനെറ്റ് പ്രിസർവേഷൻ കൺസോർഷ്യത്തിലെ  ഒരംഗമാണ് ഇന്റർനെറ്റ് ആർകൈവ്. 2007 ൽ കാലിഫോർണിയ ഭരണകൂടം ഇന്റർനെറ്റ് ആർകൈവിനെ നിയുക്ത ലൈബ്രറിയായി ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു

# SIM card

Mobile phones require a small microchip called a Subscriber




Identity Module or SIM card, in order to function. The SIM card is approximately the size of a small postage stamp and is usually placed underneath the battery in the rear of the unit. The SIM securely stores the service-subscriber key (IMSI) and the $K_i$ used to identify and authenticate the user of the mobile phone. The SIM card allows users to change phones by simply removing the SIM card from one mobile phone and inserting it into another mobile phone or broadband telephony device, provided that this is not prevented by a SIM lock. The first SIM card was made in 1991 by Munich smart card maker Giesecke & Devrient for the Finnish wireless network operator Radiolinja. [*citation needed*]

# Mobile phone

**A mobile phone, cellular phone, cell phone, cellphone, or hand phone, sometimes shortened to simply mobile, cell or just phone, is a portable telephone that can make and receive calls over a radio frequency link while the user is moving within a telephone service area. The radio frequency link establishes a connection to the switching systems of a mobile phone operator, which provides access to the public switched telephone network (PSTN). Modern mobile telephone services use a cellular network architecture, and, therefore, mobile telephones are called *cellular telephones* or *cell phones*, in North America. In addition to telephony, 2000s-era mobile phones support a variety of other services, such as text messaging, MMS, email, Internet access, short-range wireless communications (infrared, Bluetooth), business applications, video games, and digital photography. Mobile phones offering only those capabilities are known as feature phones; mobile phones which offer greatly advanced computing capabilities are referred to as smartphones.**



# അഭിമാനപൂരിതം: രാജ്യത്തിനിത് എഴുപത്തിരണ്ടാം ഓർമ്മ ദിനം



കനത്ത സുരക്ഷയിൽ രാജ്യം ഇന്ന് എഴുപത്തിരണ്ടാം സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഞ്ചാമത്തെ സ്വാതന്ത്ര്യ ദിന പ്രസംഗമാണ് ഇന്ന് ചെങ്കോട്ടയിൽ നടക്കുന്നത്. ഭീകരാക്രമണ ഭീഷണിയുടെ പശ്ചാത്തലത്തിൽ കർശന സുരക്ഷയിലാണ് രാജ്യം സ്വാതന്ത്ര്യദിന ആഘോഷങ്ങളിലേയ്ക്ക് കടക്കുന്നത്. ഡൽഹി മെട്രോ സ്റ്റേഷനും കടുത്ത സുരക്ഷയിലാണ് ഇക്കുറി സജ്ജീകരിച്ചിരിക്കുന്നത്. ഇവിടെ പാർക്കിംഗ് സൗകാര്യങ്ങൾ പൂർണ്ണമായും നിർത്തലാക്കി. വിമാനത്താവളങ്ങളിലും റെയിൽ വേ സ്റ്റേഷനുകളിലുമടക്കം എല്ലാ പ്രധാന കേന്ദ്രങ്ങളിലും പോലീസ്, അർദ്ധ സൈനിക വിഭാഗങ്ങളുടെ പരിശോധനകൾ പൂർത്തിയാക്കി. പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യ ദിന പ്രസംഗം നടക്കുന്ന ചെങ്കോട്ട അടക്കമുള്ള പ്രധാന സ്ഥലങ്ങളിലെല്ലാം പഴുതടച്ച സുരക്ഷയാണ് ക്രമീകരിച്ചിരിക്കുന്നത്.

ചരിത്രത്തിലെ നിർണായക ഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നതെന്നും ലക്ഷ്യത്തിലെത്തിച്ചേരാൻ അലസത വെടിഞ്ഞ് മനസ്സുറപ്പോടെ മുന്നോട്ടുപോകണമെന്നും ഇന്നലെ രാഷ്ട്രപതി രാംനാഥ് കോവിന്ദ് സ്വാതന്ത്ര്യ ദിന സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യൻ സമൂഹത്തിൽ ഹിംസയ്ക്ക് സ്ഥാനമില്ല. ഗാന്ധിയൻ ആശയങ്ങൾ മുറുകെപ്പിടിക്കണം. എല്ലാവർക്കും വൈദ്യുതി, വെളിയിട വിസർജന വിമുക്ത രാജ്യം, എല്ലാവർക്കും പാർപ്പിടം, ദാരിദ്ര്യ നിർമാർജനം തുടങ്ങിയ ലക്ഷ്യങ്ങൾ ഉടൻ തന്നെ രാജ്യം കൈവരിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

# സമുദ്രമലിനീകരണം



സമുദ്രമലിനീകരണം നടക്കുന്നത് രാസവസ്തുക്കൾ, വ്യാവസായിക- കാർഷിക- ഗാർഹിക മാലിന്യങ്ങൾ അല്ലെങ്കിൽ ജൈവാധിനിവേശം നടത്തുന്ന ജീവികൾ എന്നിവ സമുദ്രത്തിൽ എത്തുന്നത് ദോഷകരമോ ദോഷകരമാകാൻ സാധ്യതയോ ഉള്ള ഫലങ്ങൾക്ക് കാരണമാകുമ്പോഴാണ്.

സമുദ്രമലിനീകരണത്തിന്റെ 80% വും കരയിൽ നിന്നാണ് വരുന്നത്. കീടനാശിനികൾ അഴുക്ക് എന്നിവ വഹിച്ചു കൊണ്ടു വന്ന് സമുദ്രത്തിൽ നിക്ഷേപിക്കുന്നതിൽ അന്തരീക്ഷമലിനീകരണവും പങ്കുവഹിക്കുന്ന ഒരു ഘടകമാണ്. മണ്ണ് മലിനീകരണവും അന്തരീക്ഷമലിനീകരണവും സമുദ്രജീവനും ആവാസവ്യവസ്ഥകൾക്കും ദോഷകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

കൃഷിയിടങ്ങളിൽ നിന്നുള്ള വെള്ളച്ചാലുകൾ, വായുവിലൂടെ പറന്നുവരുന്ന അവശിഷ്ടങ്ങൾ, പൊടി എന്നിവ വഴിയാണ് മലിനീകരണം പലപ്പോഴും നടക്കുന്നത്.
ജലമലിനീകരണത്തിന്റെ മറ്റൊരു രൂപമാണ് പോഷണമലിനീകരണം. ഇതുകൊണ്ട് അർഥമാക്കുന്നത് വളരെ വലിയ അളവിൽ പോഷകങ്ങൾ എത്തുന്നതു മൂലമുള്ള മലിനീകരണമാണ്. ഉപരിതലജലത്തിൽ അമിതപോഷണം ഉണ്ടാകാനുള്ള പ്രഥമമായ കാരണമാണ് ഇത്. ഇവിടെ ഉയർന്ന അളവിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത് നൈട്രജനോ അല്ലെങ്കിൽ ഫോസ്ഫറസോ ആണ്. ഇവ ആൽഗകളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നു.



# കഥകളി

കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്.ശാസ്ത്രക്കളി, ചാക്യാർകൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസ്സിക്കൽ - നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്നു








# സൗരയൂഥം



സൂര്യനും അതിന്റെ ഗുരുത്വാകർഷണത്താൽ അതിനോട് ചേർന്ന് കിടക്കുന്ന മറ്റു ജ്യോതിർ വസ്തുക്കളും ചേർന്ന സമൂഹത്തിനാണ് സൗരയൂഥം എന്ന് പറയുന്നത്. സൗരയൂഥത്തിൽ 8 ഗ്രഹങ്ങളും, ആ ഗ്രഹങ്ങളുടെ 160 ഓളം ഉപഗ്രഹങ്ങളും, 5 കുള്ളൻ ഗ്രഹങ്ങളും ഉണ്ട്. ഇതിനു പുറമേ ഉൽക്കകളും, വാൽ നക്ഷത്രങ്ങളും, ഗ്രഹാന്തരീയ പടലങ്ങളും സൗരയൂഥത്തിൽ ഉണ്ട്. ഏതാണ്ട് 4.6 ബില്യൻ വർഷങ്ങൾക്ക് മുമ്പ് ഒരു ഭീമൻ തന്മാത്രാമേഘത്തിൽ(molecular cloud) നിന്നാണ് ഇവ രൂപം കൊണ്ടത്. ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയെ ഭൂസമാന ഗ്രഹങ്ങൾ (terrestrial planet) എന്നു വിളിക്കുന്നു. ഇവയിൽ പ്രധാനമായും അടങ്ങിയിട്ടുള്ളത് പാറകളും ലോഹങ്ങളുമാണ്. നാലു ബാഹ്യഗ്രഹങ്ങളെ വാതകഭീമന്മാർ (gas giants) എന്നു വിളിക്കുന്നു. ഇവ ആന്തരഗ്രഹങ്ങളെക്കാൾ പിണ്ഡം വളരെയധികം കൂടിയവയാണ്. ഏറ്റവും വലിപ്പമേറിയ ഗ്രഹങ്ങളായ വ്യാഴം, ശനി എന്നിവയിൽ ഹൈഡ്രജൻ, ഹീലിയം എന്നിവയാണ് പ്രധാന ഘടക വസ്തുക്കൾ. ഏറ്റവും പുറമെയുള്ള യുറാനസ്, നെപ്ട്യൂൺ എന്നിവയിൽ ജലം, അമോണിയ, മീഥെൻ എന്നിവയുടെ ഹിമരൂപങ്ങളാണ് പ്രധാനമായും അടങ്ങിയിട്ടുള്ളത്. അതുകൊണ്ട് ഇവയെ ഹിമഭീമന്മാർ (ice giants) എന്നും വിളിക്കുന്നു.

സൗരയൂഥം അനേകായിരം ചെറുപദാർത്ഥങ്ങളാലും സമ്പന്നമാണ്. ചൊവ്വയ്ക്കും,വ്യാഴത്തിനും ഇടയിൽ കിടക്കുന്ന ഛിന്നഗ്രഹവലയം ഇത്തരം പദാർത്ഥങ്ങളാൽ സമ്പന്നമാണ്. ഇവയുടെ ഘടന ഭൂസമാനഗ്രഹങ്ങളുടെതു പോലെ തന്നെയാണ്. പാറകളും ലോഹങ്ങളും തന്നെയാണ് പ്രധാന ഘടകങ്ങൾ. നെപ്ട്യൂണിനു പുറത്തുള്ള കൈപ്പർ വലയം എന്നറിയപ്പെടുന്ന ഭാഗത്തും ഇതു പോലെയുള്ള നിരവധി പദാർത്ഥങ്ങളുണ്ട്. ഇവയിൽ പ്രധാനമായും അടങ്ങിയിട്ടുള്ളത് ജലം, അമോണിയ, മീഥൈൻ എന്നിവയുടെ ഹിമരൂപങ്ങളാണ്. സെറസ്, പ്ലൂട്ടോ, ഹൗമിയ, മെയ്ക്ക് മെയ്ക്ക്, ഈറിസ് എന്നീ കുള്ളൻഗ്രഹങ്ങൾ ഈ മേഖലയിലാണുള്ളത്. സ്വന്തം ഗുരുത്വബലത്താൽ ഗോളാകാരം കൈക്കൊണ്ടവയാണിവ. വാൽനക്ഷത്രങ്ങൾ, ഗ്രഹാന്തരീയ ധൂളികൾ, ഉപഗ്രഹങ്ങൾ, ഗ്രഹവലയങ്ങൾ തുടങ്ങിയ പദാർത്ഥങ്ങൾ വേറെയുമുണ്ട്.



# കാർഷികമേഖലയുടെ തകർച്ചയിൽ മാധ്യമങ്ങളുടെ പങ്ക്





കാർഷിക മേഖല തകർന്നടിയുമ്പോഴും കർഷകന്റെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും ഇക്കൂട്ടർ അന്വേഷിക്കാറെ ഇല്ല. പകരം ഏതെങ്കിലും നല്ല കർഷകനെ കണ്ടെത്തി അവനെപ്പറ്റി എഡിറ്റിംഗും സെൻസറിംഗും നടത്തി പൊടിപ്പും തൊങ്ങലും വെച്ച് വായനക്കാരനെ തൃപ്തിപ്പെടുത്തത്തക്ക രീതിയിൽ പ്രസിദ്ധീകരിക്കും. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും കർഷക സംഘടനകളുണ്ട്. ചരിത്രത്തിൽ ഇന്നേവരെ ഇവരാരും കർഷകരെ സംഘടിപ്പിച്ച് ഒറ്റക്കെട്ടായി അവരെ രംഗത്തിറക്കിയ സംഭവം ഇല്ല. പാവപ്പെട്ട തൊഴിലാളികളെ സംഘടിപ്പിച്ച് കർഷക വിരുദ്ധരാക്കുന്നതിൽ ഇക്കൂട്ടർ നിർണായക പങ്ക് വഹിക്കുന്നു. കർഷകരും തൊഴിലാളികളും സഹകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഒരു മാധ്യമവും ചർച്ചചെയ്യില്ല. പകരം കർഷകനെതിരായി മാത്രം ചർച്ച ചെയ്യും. ചുമട്ടു തൊഴിലാളിയെന്നും കയറ്റിറക്ക് തൊഴിലാളികളെന്നും മറ്റും തരം തിരിച്ച് അവർക്ക് അംഗത്വവും ബാഡ്ജും നൽകി തൊഴിൽ അവരുടെ അവകാശമായി മാറ്റി. അതിലൂടെ നല്ല തൊഴിലാളികൾ കാർഷിക മേഖലയിൽ ഇല്ലാതെ ആയി. ഇന്ന് ഒരു തൊഴിലാളി സംഘടനയിൽ അംഗത്വം വേണമെങ്കിൽ ലക്ഷങ്ങൽ കൊടുക്കണം എന്നാണ് കേൾക്കുന്നത്. ജനസേവകരായ സർക്കാർ ഉദ്യോഗസ്ഥരുടെ തൊഴിലാളി യൂണിയനുകളുണ്ടായി. വിലവർദ്ധനയുടെ ഗുണഭോക്താക്കളാണവർ. ശമ്പളവും പെൻഷനും വിലവർദ്ധനയുടെ പേരിൽ കൂട്ടി വാങ്ങിയശേഷം വിലയിടിവിനുവേണ്ടി സമരം ചെയ്യുന്നു. ഇവരെല്ലാം കർഷകരുടെ ശത്രുക്കളായി മാറിയതിൽ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും നിർണായക പങ്കു വഹിച്ചു. സർക്കാർ ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ

ശമ്പളവർദ്ധനവിനുവേണ്ടി കമ്മീഷനുകളെ വെച്ചു. റീട്ടെയിൽ മാർക്കറ്റിലെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയുടെ പേരിൽ ഇൻഫ്ലേഷൻ എന്ന വ്യാജേന ഡി.എ വർദ്ധിക്കുകയും അത് കാലാകാലങ്ങളിൽ ബേസിക് സാലറിയിൽ മെർജ് ചെയ്യുകയും ചെയ്തു. എന്നാൽ കർഷകർക്ക് നീതി ലഭിക്കുവാനായി 1965 ൽ രൂപപ്പെട്ട Commission for Agricultural Costs and Prices പലപ്പോഴും സംസ്ഥാനങ്ങളിൽ തെളിവെടുപ്പ് നടത്തുകയും കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. അത് വെറും പ്രഹസനം മാത്രമാണ് എന്നതിന് തെളിവാണ് കേരള യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി ആയിരുന്ന ഡോ. യാഗീൻ തോമസിന്റെ കേരളത്തിലെ ചില കാർഷികോത്പന്ന വിലയെപ്പറ്റിയുള്ള ഒരു പഠന റിപ്പോർട്ട്. അതിനെ പരിഭാഷപ്പെടുത്തി ശാസ്ത്രഗതി മാഗസീനിൽ പ്രസിദ്ധീകരിച്ചു. അത്രതന്നെ. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ കർഷകർക്ക് കൈവശം വെയ്ക്കാവുന്ന കൃഷിഭൂമിയുടെ പരിധി ഉണ്ട്. എന്നാൽ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്ന തോട്ടം മേഖലയുടെ ഭൂപരിതിയിൽ നിയന്ത്രണങ്ങൾ ഇല്ല. ഒന്നാം ഹരിതവിപ്ലവത്തിന് മുൻപ് ഭൂമിയുടെ ജൈവസമ്പത്ത് ജനത്തെ പോഷകമൂല്യങ്ങളുള്ള ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കാൻ പര്യാപ്തമാക്കിയിരുന്നു. രാസവളങ്ങളുടെയും, കീടനാശിനികളുടെയും, കളനാശിനികളുടെയും മറ്റും പ്രചാരം കാർഷിക സർവ്വകലാശാലയും ഉദ്യോഗസ്ഥരും മാധ്യമങ്ങളും ഏറ്റെടുത്തതോടെ തുടക്കത്തിൽ കർഷകന് ലാഭം ലഭിച്ചിരുന്നു എങ്കിൽ വർഷങ്ങളുടെ ഇത്തരം വിഷപ്രയോഗം കാരണം മണ്ണിന്റെ ജൈവ സമ്പത്ത് നഷ്ടപ്പെടുകമാത്രമല്ല മൈക്രോ

മാക്രോ ന്യൂട്രിയൻസിന്റെ ഇംബാലൻസിന് കാരണമാകുകയും സസ്യലതാദികളും, പക്ഷിമൃഗാദികളും, മനുഷ്യനും എണ്ണിയാലൊടുങ്ങാത്ത രോഗങ്ങൾക്കടിമയാവുകയും ചെയ്യു. അതിലൂടെ രാജ്യത്തിന്റെ ജി.ഡി.പി ഉയർത്തുവാൻ എഞ്ചിനീയറിംഗ്, മെഡിക്കൽ മേഖല വളരുകയും ചെയ്യു. ഇന്ന് മുക്കിനും മൂലയ്ക്കും സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളെക്കൊണ്ട് നിറഞ്ഞു. മാധ്യമങ്ങൾക്ക് വ്യവസായികളോടാണ് കൂറ് എന്നതിൽ സംശയം വേണ്ട. കാരണം അവരിൽനിന്ന് കിട്ടുന്ന പരസ്യവരുമാനമാണ്. ഇക്കാരണത്താൽ അവർക്കെതിരെയുള്ള വാർത്തകൾ വരെ തടയപ്പെടാം. ടയർനിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത റബ്ബറിന്റെ വിപണിവില നിയന്ത്രിക്കുന്നത് മനോരമ പത്രമാണെന്നാണ് എന്റെ അഭിപ്രായം. മനോരമയുടെ ഉടമസ്ഥർക്ക് നിക്ഷേപ താല്പര്യമുള്ള എം.ആർ.എഫിന് നേട്ടമുണ്ടാക്കുവാൻ അവർക്ക് കഴിയും. ഉദാഹരണത്തിന് ആർഎസ്എസ് നാല് റബ്ബറ് ഷീറ്റിന്റെ കോട്ടയം വിപണിവില റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്നതിനേക്കാൾ മൂന്നുരൂപ താഴ്ത്തിയാണ് മനോരമ പ്രസിദ്ധീകരിക്കുന്നത്. എന്നാൽ അതിലും എത്രയോ താഴ്ന്ന വിലയ്ക്കാണ് കൺമതി സമ്പ്രദായത്തിലൂടെയുള്ള ഗ്രേഡിംഗും വില നിർണയവും. റബ്ബർ ബോർഡിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത പ്രീ പ്ലാൻഡ് സ്ഥിതിവിവരകണക്കുകൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കും. റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന സ്ഥിതിവിവര കണക്കുകൾ ക്രോഡീകരിച്ചാൽ കാണുവാൻ കഴിയുന്നത് കണക്കിലെ തിരിമറികളാണ്. അതൊന്നും തന്നെ മാധ്യമങ്ങളിൽ ലഭിക്കില്ല.

ഇന്റർനെറ്റിലെ ബ്ലോഗുകൾ, സൈറ്റുകൾ, സൗജന്യ ഓഡിയോ-വീഡിയോ സംവിധാനങ്ങൾ തുടങ്ങിയവയും സോഷ്യൽ നെറ്റ്വർക്കുകളും വ്യത്യസ്തമാവുന്നത് എഡിറ്റിംഗും സെൻസറിംഗും ഇല്ലാതെ പ്രസിദ്ധീകരിച്ചാണ്. ഇതാണ് ഇവയ്ക്ക് മറ്റ് മാധ്യമങ്ങളിൽ നിന്ന് മുൻതൂക്കം കിട്ടാൻ സഹായകമാവുന്നത്. വർഷങ്ങളായി കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ട ക്രോസ്ബ്രീഡ് ഇനം പശുക്കളുടെ പാലിൽ ബീറ്റാകേസിൻ  അടങ്ങിയിട്ടുണ്ട് എന്നും അത് ആരോഗ്യത്തിന് ഹാനികരമാണ് എന്നും വെറ്ററിനറിയൂണിവേഴ്സിറ്റിയുടെ ഡോ. മുഹമ്മദിന്റെ ഗവേഷണഫലം പ്രസിദ്ധീകരിച്ചിട്ടും മാധ്യമങ്ങളോ യൂണിവേഴ്സിറ്റിയോ അത് പ്രസിദ്ധീകരിക്കില്ല. നമ്മുടെ നാടൻ തനത് ഇനങ്ങളുടെ പാലിൽ ബീറ്റാകേസിൻ  ആരോഗ്യത്തിന് ഹാനികരമല്ല എന്ന് മാത്രമല്ല അത് ഔഷധഗുണമുള്ളതാണ് എന്ന് കർഷകർക്ക് ഇന്നും അറിയാൻ കഴിഞ്ഞിട്ടില്ല. ഇവയെ കൂട്ടത്തോടെ നശിപ്പിച്ചതിന്റെ ദോഷം ഇന്നല്ലെങ്കിൽ നാളെ ജനം തിരിച്ചറിയും. കേന്ദ്രീകൃത മാലിന്യസംസ്കരണവും, പരിസ്ഥിതി മലിനീകരണവും എന്ന വിഷയത്തിലും മാധ്യമങ്ങൾ വായനക്കാരനെ വിഡ്ഢിയാക്കുകയാണ് ചെയ്യുന്നത്. ജൈവ ജൈവേതര മാലിന്യങ്ങൾ കൂട്ടിക്കലർത്തി ഘനലോഹങ്ങളും വിഷാംശവും കലർന്ന ജൈവ വളങ്ങൾ കൃഷിവകുപ്പിലൂടെ കർഷകരിലെത്തിയതും മാധ്യമങ്ങൾ അറിഞ്ഞില്ല. മനുഷ്യവിസർജ്യം എന്ന അമൂല്യ ജൈവ സമ്പത്ത് പാഴാക്കുന്നതിനെപ്പറ്റി മാധ്യമങ്ങൾ വൈവിധ്യമാർന്ന റിപ്പോർട്ടാണ് നൽകുന്നത്. ജലാശയങ്ങളിലെ കോളിഫാം ബാക്ടീരിയയുടെ അളവ് വർദ്ധനവിന്റെ കണക്ക് പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങൾക്ക് അതിന് പരിഹാരം നിർദ്ദേശിക്കുവാനുള്ള കഴിവില്ല. കാർഷികമേഖലയെ

തകർത്തത് ജൈവ സമ്പത്തിന്റെ അഭാവമാണ്. (ഇന്റർനെറ്റിൽ കേരള ഫാർമർ എന്നറിയപ്പെടുന്ന ലേഖകൻ സജീവമായി കർഷക സംബന്ധമായ വിഷയങ്ങളിൽ ഇടപെടുന്നയാളാണ്. അദ്ദേഹം ഫേസ്ബുക്കിൽ പ്രസിദ്ധീകരിച്ചതാണ് ഈ ലേഖനം. ഇതിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ ലേഖകന്റേത് മാത്രമാണ്.)

# വനനശീകരണം

കാടോ, മരങ്ങളോ നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നോ മരങ്ങളെ കാടുതന്നെയോ ഇല്ലാതാക്കി അവയെ കൃഷിയിടങ്ങളാക്കൽ, കന്നുകാലി മേയ്ക്കൽ, നഗരവൽക്കരണം തുടങ്ങി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രക്രിയയെ വനനശീകരണം (Deforestation) എന്നു വിളിക്കുന്നു. ഭൂമിയിലെ കരഭാഗത്തിന്റെ ശതമാനത്തോളം കാടുകളാണ് ഏറ്റവും കൂടുതൽ വനനശീകരണംനടക്കുന്നത് ഉഷ്ണമേഖലാ മഴക്കാടുകളിലാണ്

വനനശീകരണമോ, കാടില്ലാതാക്കലൊ, മരങ്ങളെ മാറ്റി ഭൂമിയുടെ സ്വഭാവം മാറ്റലോ, കാടല്ലാത്തതാക്കാലൊ ആണ് വനഭൂമിയെ കൃഷിക്കുപയോഗിക്കുന്നതും, മേച്ചിൽ സ്ഥലമായി ഉപയോഗിക്കുന്നതും വനനശീകരണത്തിന്റെ ഉദാഹരണങ്ങളാണ്. വളരെ അധികമായി നശിപ്പിക്കപ്പെടുന്ന കാട്, ഉഷ്ണമേഖല മഴക്കാടുകളാണ്.



 വീട് ഉണ്ടാക്കുന്നതിനും, കത്തിക്കുന്നതിനു വേണ്ടി വിൽക്കുവാനും, കരിയ്ക്കോ മരത്തിനൊ വേണ്ടിയും കാട് നശിപ്പിക്കപെടുന്നുണ്ട്. പകരം വയ്ക്കാതെ മരങ്ങൾ മുറിച്ചുമാറ്റുന്നത്, ആവാസ വ്യവസ്ഥയ്ക്കും, ജൈവ വൈവിധ്യത്തിനും, തരിശുണ്ടാവുന്നതിനും കാരണമാവുന്നു.അന്തരീക്ഷത്തിലെ ഇംഗാരാമ്ല വാതകത്തെ ജൈവപ്രവർത്തനംകൊണ്ട് തിരിച്ചു പിടിക്കുന്ന പ്രവർത്തനത്തിൽ വലിയ ആഘാതം ഉണ്ടാക്കുന്നു.യുദ്ധത്തിൽ ശവിന്റെ അത്യാവശ്യമായ വിഭവങ്ങൾ ഇല്ലാതാക്കാനു ഒളിയിടങ്ങൾ ഇല്ലാതാക്കാനും വനൻശീകരണം യുദ്ധത്തിൽ നടത്താറുണ്ട്. അടുത്തകാലത്തെ ഉദാഹരണം, ബ്രിട്ടീഷ് പട്ടാളം മലയയിലും, അമേരിക്കൻ പട്ടാളം വിയറ്റ്നാം യുദ്ധത്തിൽ ഏജന്റ് ഓറഞ്ച് ഉപയോഗിച്ചതാണ്. വന നശീകരണം നടന്ന സ്ഥലങ്ങളിൽ വന്തോതിൽ മണ്ണൊലിപ്പ് ഉണ്ടാകുകയും തരിശുഭൂമിയായി മാറുകയും ചെയ്യും. വന നടത്തിപ്പിലെ ഉദാസീനതയും പരിസ്ഥിതി നിയമങ്ങളുടെ പോരായ്മയും വനനശീകരണം വൻതോതിലാവാൻ കാരണമാവുന്നു.

# ശബ്ദമലിനീകരണം

മനുഷ്യന്റെയോ, മൃഗത്തിന്റെയോ, യന്ത്രസാമഗ്രികളുടെയോ പ്രവർത്തനത്താൽ സൃഷ്ടിക്കപ്പെടുന്നതും മനുഷ്യന്റെയോ മറ്റുജീവികളുടെയോ സ്വൈരജീവിതത്തെ അഥവാ സംതുലനാവസ്ഥയെ താളംതെറ്റിക്കുന്നതുമായ അമിതവും അസഹ്യവുമായ ശബ്ദത്തെയാണ് ശബ്ദമലിനീകരണം എന്നു വിശേഷിപ്പിക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, അനാവശ്യമായതും കാതുകൾക്ക് അരോചകമായതുമായ ശബ്ദസൃഷ്ടിയാണ് ശബ്ദമലിനീകരണം.

വാഹനങ്ങളിൽ വിമാനം, തീവണ്ടി മുതലയാവയിൽ നിന്നുമുള്ള ശബ്ദം, യന്ത്രസാമഗ്രികൾ, ഉച്ചഭാഷണികൾ തുടങ്ങിയവയുടെ പ്രവർത്തനം മൂലമുണ്ടാകുന്ന ശബ്ദം തുടങ്ങി, ശബ്ദമലിനീകരണത്തിന്റെ സ്രോതസ്സുകൾ നിരവധിയാണ്. നാഡീ-ഞരമ്പുകൾ ഹൃദയം തുടങ്ങിയ മനുഷ്യാവയവങ്ങൾക്ക് ക്ഷതംമേൽക്കുന്നതിനും മാനസിക പിരിമുറുക്കത്തിനും കേൾവിശേഷി നഷ്ടപ്പെടലിനും ശബ്ദമലിനീകരണം വഴിവെയ്ക്കും. അസ്വസ്ഥത, അരോചകം എന്നീ അർത്ഥങ്ങളുള്ള നൌസീസ് **(nauseas)** എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് നോയിസ് അഥവാ ഒച്ച എന്ന വാക്കുണ്ടാകുന്നത്.





# ജൈവകൃഷി

ജൈവ കീടനാശിനികൾ, കമ്പോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിക്കുന്നതും രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കിയുള്ളതും ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷി രീതിയെയാണ് ജൈവകൃഷി (Organic Farming) എന്നു വിളിക്കുന്നത്. 1990 മുതൽ ജൈവ കൃഷിരീതിയിലൂടെ ഉണ്ടാക്കിയ ഉൽപ്പന്നങ്ങളുടെ വിപണി ദ്രുതഗതിയിലാണ് വളർന്നത്. 2007 ൽ അത് 4600 കോടി അമേരിക്കൻ ഡോളറിലെത്തി. ജൈവ ഉല്പന്നങ്ങളുടെ വർദ്ധിച്ച ആവശ്യം മൂലം ജൈവകൃഷി രീതി സ്വീകരിക്കുന്ന കൃഷിയിടങ്ങളുടെ വ്യാപനവും വേഗത്തിലായി. ലോക വ്യാപകമായി ഏകദേശം 3.22 കോടി ഹെക്ടർ ഭൂമി ജൈവകൃഷി രീതി പിന്തുടരുന്നു. ഇത് മൊത്തം കൃഷിഭൂമിയുടെ 0.8 ശതമാനം വരും. കൂടാതെ 2007 വരെ ഏകദേശം 3 കോടി ഹെക്ടർ ഭൂമിയിൽ നിന്ന് ജൈവകൃഷി ഉല്പന്നങ്ങൾ വിളവെടുക്കുകയുണ്ടായി.

മസനോബു ഫുക്കുവോക്ക, ജൈവകൃഷിയുടെ ഉപജ്ഞാതാവ്

**ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രികൽച്ചർ മൂവ്മെന്റ്സ്(IFOAM) എന്ന അന്തർദേശീയ സംഘടനയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജൈവ കൃഷിരീതി രാജ്യാന്തര തലത്തിൽ നിയന്ത്രിക്കുകയും നിയമപരമായി നടപ്പിലാക്കുകയും ചെയ്യുന്ന നിരവധി രാജ്യങ്ങളുണ്ട്. 1972 സ്ഥാപിച്ച ഐ.എഫ്.ഒ.എ.എം എന്ന ഈ സംഘടയുടെ കുടക്കീഴിൽ നിരവധി ജൈവകൃഷി പ്രചാരക സംഘടനകൾ പ്രവർത്തിക്കുന്നു. IFOAM ജൈവ കൃഷിയുടെ ലക്ഷ്യത്തെ ഇങ്ങനെ നിർവചിക്കുന്നു:**





"മണ്ണിന്റെയും മനുഷ്യന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്ന ഒരു ഉല്പാദന രീതിയാണ് ജൈവ കൃഷിരീതി. ദോഷഫലങ്ങളുണ്ടാക്കുന്ന ചേരുവകൾ ഉപയോഗിക്കുന്നതിന് പകരം പരിസ്ഥിതിയുടേ സ്വാഭാവിക പ്രക്രിയകൾ,ജൈവ വൈവിദ്ധ്യം, ചംക്രമണം തുടങ്ങിയ പ്രാദേശിക അവസ്ഥകൾക്ക് അനുരൂപമായതിനെ മാത്രമേ ഈ കൃഷി രീതി ആശ്രയിക്കുന്നുള്ളൂ. പരമ്പരാഗത രീതികളും പുത്തൻ കണ്ടത്തെലുകളും ശാസ്ത്രീയ രീതികളും സംയോജിപ്പിച്ചുകൊണ്ട് പരിസ്ഥിതിയിലെ എല്ലാവിഭാഗത്തിനും ഉപകാരപ്പെടും വിധത്തിൽ പാരിസ്ഥിതിക ബന്ധവും ഉന്നത നിലവാരത്തിലുള്ള ജീവിതവും ഈ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നു.."

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



**2019-21**

# <u>സ്കൂളിലെ ചിത്രങ്ങൾ</u>









# മാഗസീൻ എഡിറ്റോറിയൽ ബോർഡ്

**ഭരത് ബിനു**

**വിജിത്ത് എസ്സ്**

**ധനുഷ് എസ്സ്**

**ആദിത്യൻ എ**

**അനന്ദു പി എസ്സ്**